അറിയാനുള്ള അവകാശത്തിനുവേണ്ടിയുള്ള ദേശീയ കാമ്പയിനിന്റെ ഭാഗമായി
സംഘടിപ്പിക്കപ്പെട്ട സദസ്സിനെ അഭിസംബോധന ചെയ്തുകൊണ്ട്

**നോം ചോംസ്കി**

# അറിയാനുള്ള ജനങ്ങളുടെ അവകാശം

(കഴിഞ്ഞലക്കം തുടർച്ച)

പരിഭാഷ : കെ.എം. വേണുഗോപാൽ



**പടിഞ്ഞാറ്**, പാശ്ചാത്യേതരലോകത്തോട് അനേക നൂറ്റാണ്ടുകളായി കാട്ടിക്കൊണ്ടിരിക്കുന്ന ക്രൂരതകളുടെ ഭാഗയമായതുകൊണ്ടാണ് മേൽപ്പറഞ്ഞ സംഭവങ്ങളിലൊക്കെയും ആരുടെയും ശ്രദ്ധ പതിയാത്തത്. പക്ഷെ, ഈ സഹസ്രാബ്ദം തുടങ്ങുന്നത് മൃഗീയമായ രണ്ട് അതിക്രമങ്ങളോടെയാണ്. സെപ്തംബർ 11 -ന്റെ ഭീകരാക്രമണമാണ് അവയിലൊന്നെങ്കിൽ, മറ്റേത് അതിനേക്കാൾ ഭീകരമായതും പിന്നീടുണ്ടായതുമായ ബോധപൂർവ്വവും ആസൂത്രിതവുമായ കുറേക്കൂടി വലിയ കൂട്ടക്കൊലയാണ്. രണ്ടാമത്തേതിന് കുറ്റങ്ങളിൽനിന്ന് വിമുക്തമാകുന്ന ഒരു മാനമാണുള്ളത്. യൂറോപ്പിനെയോ അതിൽ നിന്നും പൊട്ടിമുളച്ചുണ്ടായ മറ്റ് രാജ്യങ്ങളെയോ സംബന്ധിച്ചിടത്തോളം അതിനെ സ്വാഭാവികമായി കാണുന്ന മാനസികാവസ്ഥ പ്രതീക്ഷിക്കാമെങ്കിലും നൂറുകണക്കിന് സംവത്സരങ്ങൾ പീഡനങ്ങൾ അനുഭവിച്ച ഇന്ത്യയെപ്പോലുള്ള ഒരു രാജ്യം എന്താണ് യഥാർത്ഥത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്ന് മനസ്സിലാക്കാൻ മിനക്കെടാതെ ആ കൂട്ടത്തിലേക്ക് ആവേശപൂർവ്വം എടുത്തുചാടിയിരിക്കുന്നത് അത്ഭുതമുളവാക്കുന്നു.

കുന്നുകൂടിക്കൊണ്ടിരിക്കുന്ന ദുരിതങ്ങൾ ജനങ്ങളുടെ അറിയാനുള്ള അവകാശവുമായി നേരിട്ട് ബന്ധപ്പെട്ടവയാണ്. അറിയാനുള്ള അവകാശം എടുത്തുകളഞ്ഞു എന്ന് ഉറപ്പാക്കിയാൽ സാധാരണഗതിയിൽ തർക്കവിഷയമല്ലാത്ത കാര്യങ്ങൾ പോലും തർക്കമാകും. ഞാൻ മുമ്പ് പറഞ്ഞ കാര്യങ്ങൾ അമേരിക്കയിൽ മിക്കവാറും ആർക്കുമറിഞ്ഞുകൂടാത്തവയാണ്. പത്തുലക്ഷത്തിലൊരാൾക്ക് പോലും അവയെക്കുറിച്ച് അറിവില്ല എന്നതാണ് അവസ്ഥ. അതിന് കാരണമുണ്ട്. അവരുടെ പേരിൽ എന്താണ് ചെയ്തുകൂട്ടുന്നതെന്ന് ജനങ്ങൾ യഥാർത്ഥത്തിൽ അറിഞ്ഞാൽ വൻ പ്രതിഷേധങ്ങളെത്തുടർന്ന് നയപരമായ മാറ്റങ്ങൾക്ക് അധികാരികൾ നിർബന്ധിതരാകും. അറിയാനുള്ള അവകാശത്തിന്റെ കാര്യത്തിൽ അമേരിക്കൻ ഐക്യനാടുകൾ ലോകത്തേക്കുവെച്ചും ഏറ്റവും സ്വതന്ത്രമായ രാജ്യമാണ്. ഈ അവകാശത്തെ അടിച്ചമർത്തുക എന്ന ജോലി ഭരണകൂടം അവിടെ ഏറ്റെടുത്തിട്ടില്ല. ഭരണകൂടം ഇടയ്ക്കൊക്കെ അങ്ങനെയുള്ള ശ്രമങ്ങൾ നടത്തിയാൽ പോലും അവ സാധാരണയായി വിജയം കാണാറില്ല. പക്ഷെ, ബുദ്ധിജീവികളാണ് ആ ജോലി അവിടെ വിശ്വസ്തമായി നിർവ്വഹിക്കുന്നത്. ഏതൊരു നല്ല സർവ്വകലാശാലയിൽനിന്നും പുറത്തുവരുന്ന വിദ്യാസമ്പന്നന്മാർ അറിവിനെ കുത്തകവൽക്കരിക്കാനാണ് പരിശീലിപ്പിക്കപ്പെടുന്നത്. സാമാന്യ ജനങ്ങൾക്ക് ഒന്നും അറിയില്ലെന്ന് ഉറപ്പുവരുത്തുന്ന ജോലി ഏറ്റെടുത്തിരിക്കുന്ന മറ്റൊരു സ്ഥാപനം പത്രങ്ങളാണ്. അതുകൊണ്ടാണ് മുൻചൊന്നതരം കാര്യങ്ങൾ അമേരിക്കയിലെ സാധാരണജനത്തിന് ഒട്ടുമുക്കാലും അറിയാതെ പോകുന്നത്. എന്താണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് ജനങ്ങൾക്കറിയാമെങ്കിൽ ഇതുപോലുള്ള കൂട്ടത്തോടെയുള്ള മനുഷ്യക്കുരുതികൾ നടപ്പാക്കാൻ ഒരിക്കലും കഴിയുകയില്ല. അറിയാനുള്ള അവകാശം നിയന്ത്രിക്കാനുള്ള സംവിധാനങ്ങൾ പരാജയപ്പെടുമ്പോൾ ശക്തമായ ജനകീയ പ്രതിഷേധങ്ങൾ ഉണ്ടാകുന്നു. അങ്ങനെയൊരു കാലഘട്ടത്തിലൂടെയാണ് നമ്മൾ ഇപ്പോൾ കടന്നുപോകുന്നത്. ഇപ്പോഴത്തേതുപോലുള്ള സംഭവം ആദ്യമല്ലെങ്കിൽപ്പോലും അത് വല്ലാതെ ഞെട്ടിപ്പിക്കുകയും വിവരിക്കാൻ (ചുരുങ്ങിയപക്ഷം എനിക്കെങ്കിലും) വാക്കുകൾ കിട്ടാതാവുകയും ചെയ്യുന്നു. അത് അമേരിക്കയിലോ യൂറോപ്പിലോ ഒതുങ്ങുന്നതോ, ആദ്യത്തേതോ അല്ലാത്തതുപോലെത്തന്നെ മുൻകാല മതപൗരോഹിത്യത്തിന്റെയോ ഇന്നത്തെ സെക്യൂലർ പൗരോഹിത്യത്തിന്റെയോ നാളുകൾ തമ്മിൽ ഒരു വ്യത്യാസവുമില്ലാത്തതുപോലെ ചരിത്രത്തിലെല്ലാ കാലത്തും ആവർത്തിച്ചുകാണപ്പെടുന്നു.

*(തുടരും)*

*ഡൽഹി സ്കൂൾ ഓഫ് ഇക്കണോമിക്സിൽ 2001 നവംബർ 5ന് നോംചോംസ്കി നടത്തി പ്രഭാഷണം*

**books | magazines | periodicals**

Byword
**BOOKS**
marva plaza, machingal lane, m.g. road, thrissur
Tel. : 0487 3256689, Mob : 9847764577
**for rare and new books**